## സന്ദേശനിലയം
### ചങ്ങനാശ്ശേരി

# വിശ്വാസോത്സവം – 2026

## ജൂണിയർ വിഭാഗം

# അധ്യാപകസഹായി

VISWASOLSAV
INTENSIVE CATECHESIS IN SUMMER

## വിശ്വാസോത്സവഗാനം

ഈശോയ്ക്കൊപ്പം ചേരാം പാടാം
വിശ്വാസത്തിൽ വളരാം
അനുഭവമുണരും ഈ സുദിനങ്ങൾ
കൃപയുടെ ഉത്സവമാക്കാം (2)

ഓരോ കാതിലും ആദരവോടെ
സ്തുതി ഈശോയ്ക്കെന്നോതാം (2)
ദൈവം നമ്മൾക്കേകിയ നന്മകൾ
ആഘോഷിക്കാം വാഴ്ത്താം

വിശ്വാസോത്സവം ഇത് വിശ്വാസോത്സവം
വിശ്വാസത്തിൽ വളരാം, നാഥനു സ്തുതി പാടാം (2)

നാഥനോടൊപ്പം പോയി മരിക്കാം
ചൊല്ലി താതൻ മാർത്തോമ്മാ (2)
അവനോടൊപ്പം ചേർന്നു നമുക്കും
ചൊല്ലാം മാർവാലാഹ് (2)

മാർ വാലാഹ് – മാർവാലാഹ്
എന്നും നാവിൽ മാർവാലാഹ് (2)

(ഈശോയ്ക്കൊപ്പം.....)

# പൊതുനിർദ്ദേശങ്ങൾ

പ്രിയമുള്ളവരേ,

സീറോമലബാർസഭ സമുദായ വർഷം ആചരിക്കുന്ന പശ്ചാത്തലത്തിൽ ഈ വർഷത്തെ വിശ്വാസോത്സവം ഏറെ പ്രത്യേകതയുള്ളതാണ്. സഭാത്മകമായ കാഴ്ചപ്പാടിലൂന്നിയ സമുദായ അവബോധമാണ് നമുക്ക് കരണീയം. കാലങ്ങളും നൂറ്റാണ്ടുകളും മാർത്തോമാ നസ്രാണികൾ ചരിച്ച മാർഗ്ഗത്തെ ശോഷണം കൂടാതെ തലമുറകളിലേക്ക് സന്നിവേശിപ്പിക്കാൻ പ്രതിജ്ഞാബദ്ധരാണ് നമ്മൾ എന്ന പ്രഖ്യാപനം ഈ വർഷത്തെ വിശ്വാസോത്സവത്തിൽ ഉയർത്താൻ ആഗ്രഹിക്കുകയാണ്. നമ്മുടെ പൈതൃകവും പാരമ്പര്യവും അഭിമാനബോധത്തോടെ കൊണ്ടുനടക്കുന്ന വ്യക്തികളായി വിശ്വാസപരിശീലനം നേടുന്ന നമ്മുടെ കുട്ടികളെ രൂപപ്പെടുത്തുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

1. വിശ്വാസോത്സവത്തിന്റെ ദിവസങ്ങളിൽ ദൈവാലയത്തിലും ക്ലാസ്സുകൾ നടക്കുന്ന ഇടങ്ങളിലും **വി. ഗ്രന്ഥം പ്രത്യേകമായി പ്രതിഷ്ഠിക്കുന്നത് നന്നായിരിക്കും.**
2. ചില പ്രവർത്തനങ്ങൾ വി. ഗ്രന്ഥം ഉപയോഗിച്ചുള്ളതായതിനാൽ ക്ലാസ്സുകളിൽ കുട്ടികളുടെ പക്കൽ വി. ഗ്രന്ഥം ഉണ്ടായിരിക്കണം.
3. വിശ്വാസോത്സവ ദിനങ്ങളിലെ ക്രമീകരണങ്ങളിൽ ഇടവകയിലെ മറ്റ് സംഘടനകളുടെ സാന്നിദ്ധ്യവും സഹകരണവും ഉൾപ്പെടുത്തുന്നത് ഇടവക മുഴുവന്റെയും ഒരു പരിശീലന അവസരമാക്കാൻ (Intergenerational Catechesis) ഉപകരിക്കും.
4. വർക്കുബുക്കുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ അധ്യാപക സഹായിയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ പൂർത്തിയാക്കിയെങ്കിൽ മാത്രമേ വിശ്വാസോത്സവപരിശീലന പദ്ധതി ഫലപ്രദമാവുകയുള്ളു. വിശ്വാസോത്സവ വർക്കുബുക്കുകളിൽ നല്കിയിരിക്കുന്ന ആക്റ്റിവിറ്റികൾ എഴുതി പൂർത്തിയാക്കുക എന്നതു മാത്രമായി ഈ പരിശീലന പദ്ധതിയെ ചുരുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

**ഫാ. വർഗ്ഗീസ് പുത്തൻപുരയ്ക്കൽ**
*ഡയറക്ടർ, സന്ദേശനിലയം*

## ഒന്നാം ദിവസം
## പാരമ്പര്യം ജീവിക്കുന്ന വീട്

**ആക്ടിവിറ്റി 2**

നസ്രാണി കുംടുംബത്തിലെ ശിശുവിന്റെ ജനനവുമായി ബന്ധപ്പെട്ട ആചാരങ്ങളുടെ അർത്ഥം വ്യക്തമാക്കുന്ന ഒരു സ്കിറ്റ്.

**സ്കിറ്റിന്റെ പേര്** – വിശ്വാസത്തിന്റെ ആദ്യ സ്പർശനങ്ങൾ

**കഥാപാത്രങ്ങൾ**

1. അമ്മ
2. അച്ചൻ
3. മുത്തശ്ശി
4. ശിശു
5. കമന്റേറ്റർ

**രംഗം 1**

**ശിശുവിന്റെ ജനനം**

(വേദിയിൽ അമ്മയും അച്ചനും ശാന്തമായ ക്രിസ്തീയ സംഗീതം പശ്ചാത്തലത്തിൽ)

**കമന്റേറ്റർ** – നസ്രാണി കുടുംബത്തിൽ ഒരു ശിശു ജനിക്കുമ്പോൾ അത് ഒരു കുഞ്ഞിന്റെ വരവല്ല മറിച്ച് വിശ്വാസത്തിന്റെ പുതിയ തുടക്കമാണ്.

**രംഗം 2**

നാവിൽ പൊന്നു തൊടുന്ന ആചാരം (മുത്തശ്ശി കുഞ്ഞിനെ എടുത്ത് പുതിയ ചെറിയ സ്വർണ്ണമോതിരം നാവിൽ തൊടുന്നു.

**സംസാരിക്കട്ടെ**

ദൈവത്തെ സ്തുതിക്കുന്നു വാക്കുകൾ മാത്രമേ നാവിൽ നിന്ന് ഉയരാവൂ.

**കമന്റേറ്റർ**

**നാവിൽ പൊന്നുതൊടുന്നത്**

സാബത്തിന്റെ അടയാളമല്ല മറിച്ച് വിശുദ്ധമായ വാക്കുകളുടെ, സത്യത്തിന്റെ ദൈവസ്തുതിയുടെ പ്രതീകമാണ്.

**രംഗം 3**

**ചെവിയിൽ മാറൻ ഈശോ**

(മുത്തശി കുഞ്ഞിന്റെ ചെവിയിൽ സ്നേഹത്തോടെ പറയുന്നു).

**മുത്തശ്ശി** – 'മാറൻ ഈശോ'

**കമന്റേറ്റർ**

ജീവിതത്തിൽ കുഞ്ഞ് ആദ്യം കേൾക്കുന്ന പേര്

– ഈശോയുടെ നാമം

– ലോകത്തിന്റെ ശബ്ദങ്ങൾക്ക് മുമ്പ് ദൈവത്തിന്റെ ശബ്ദം കേൾക്കാൻ പഠിക്കുന്ന ആചാരം

**രംഗം 4** – കുരിശ് വരയ്ക്കൽ

അച്ചൻ കുഞ്ഞിന്റെ നെറ്റിയിൽ കുരിശ് വരയ്ക്കുന്നു.

**അച്ചൻ** – ഈ കുരിശ് നിനക്ക് സംരക്ഷണം നല്കുന്നു. ഈശോയുടെ വഴിയിൽ നടക്കാൻ സഹായിക്കട്ടെ.

**കമന്റേറ്റർ**

**കുരിശ്** – വേദനയുടെ ചിഹ്നം മാത്രമല്ല രക്ഷയുടെ പ്രത്യാശയുടെ ദൈവസാന്നിധ്യത്തിന്റെ മുദ്രകൂടിയാണ്.

**സന്ദേശം** –

**കമന്റേറ്റർ** – നസ്രാണി ആചാരങ്ങൾ അന്ധവിശ്വാസമല്ല. അവ ഓരോന്നും കുഞ്ഞിനെ വിശ്വാസത്തിലേയ്ക്ക് വളർത്തുന്ന ആത്മീയ പാഠങ്ങളാണ്.

നാവിൽ – സത്യം

ചെവിയിൽ – ദൈവനാമം

നെറ്റിയിൽ – കുരിശ്

ഇതാണ് നസ്രാണി ശിശുവിന്റെ പ്രഥമ കാറ്റക്കിസം

**എല്ലാവരും ചേർന്ന്** – ''മാറൻ'' ''ഈശോമിശിഹായ്ക്കു സ്തുതി''

നമ്മൾ നസ്രാണികൾ
സീറോമലബാർ മക്കൾ
മതം സ്നേഹിക്കും
സമുദായം കാക്കും
പാരമ്പര്യം ജീവിക്കും
വിശ്വാസം ജ്വലിക്കും
ഒന്നായി നില്ക്കും
മിശിഹായിൽ ജയിക്കും.

മാർത്തോമ ശിഷ്യന്റെ വഴിയിൽ നാം
വിശ്വാസദീപം കൈയിൽ നാം
പിതാക്കന്മാരുടെ പാതയിൽ നാം
നസ്രാണി രക്തം ഹൃദയത്തിൽ നാം
    സഭയാണ് അമ്മ, നാം മക്കൾ
    സ്നേഹമാണ് നമ്മുടെ ശബ്ദങ്ങൾ
    പാരമ്പര്യം നമ്മുടെ ശ്വാസങ്ങൾ
    മിശിഹായാണ് ജീവിത ലക്ഷ്യം
ഐക്യം നമ്മുടെ ശക്തി
മിശിഹായിൽ നാം ഒരുമ
    നസ്രാണി രക്തം
    വിശ്വാസം ശക്തം
    സീറോമലബാർ
    എന്നേക്കും നില്ക്കും
മതം സ്നേഹിക്കും
സമുദായം കാക്കും
പാരമ്പര്യം ഉയർത്തും
മിശിഹായിൽ ജീവിക്കും
    സ്നേഹം പഠിപ്പിച്ച വഴി
    പൂർവ്വീകരുടെ ത്യാഗ സ്മരണം
    നമ്മുടെ ശക്തി നമ്മുടെ ധനം
സഭാചടങ്ങിൻ മഹത്വം നാം
പാരമ്പര്യത്തിന്റെ കാവൽ നാം
യുവജനങ്ങൾ മുന്നേറും നാം
വിശ്വാസത്തിൽ ജ്വലിക്കും നാം
    പ്രാർത്ഥനയാണ് നമ്മുടെ ആയുധം
    സ്നേഹമാണ് നമ്മുടെ പതാക

## രണ്ടാം ദിവസം

## എന്റെ ഇടവക പള്ളി

തൊമ്മന്റേയും അനിയൻ മാത്തന്റേയും പള്ളിയിലേയ്ക്കുള്ള യാത്രയും തുടർന്ന് പള്ളിയിൽ നടക്കുന്ന കാര്യങ്ങളുമാണ് ഈ പാഠഭാഗത്തിന്റെ പശ്ചാത്തലം. കുട്ടികൾക്ക് സ്വന്തം ഇടവകയെക്കുറിച്ചും, ദൈവാലയ ക്രമങ്ങളെക്കുറിച്ചും, വിശുദ്ധ കുർബാനയിലെ

വസ്തുക്കളെക്കുറിച്ചും, യാമപ്രാർത്ഥനകളെക്കുറിച്ചും അറിവ് നൽകുകയാണ് ഈ പ്രവർത്തനങ്ങളുടെ ലക്ഷ്യം.

**ആക്റ്റിവിറ്റി 1** : ഇടവകയെ അറിയാം

**ലക്ഷ്യം** : കുട്ടികൾ സ്വന്തം ഇടവകയെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ (പേര്, മധ്യസ്ഥൻ, വികാരി തുടങ്ങിയവ) മനസ്സിലാക്കുന്നു.

**പ്രവർത്തന രീതി :**

അധ്യാപകൻ/അധ്യാപിക കുട്ടികളോട് അവരുടെ പള്ളിയുടെ പേരും സ്ഥലവും ചോദിക്കുക.

തുടർന്ന് ആക്റ്റിവിറ്റി ഷീറ്റിലെ 1 മുതൽ 7 വരെയുള്ള ചോദ്യങ്ങൾ വായിച്ച് കേൾപ്പിക്കുക. ഉത്തരങ്ങൾ അറിയാവുന്നത് എഴുതാൻ പറയുക. അറിയാൻ പാടില്ലാത്തത് (ഉദാഹരണത്തിന്: പള്ളി സ്ഥാപിച്ച വർഷം, *etc*) മാതാപിതാക്കളോടോ മുതിർന്നവരോടോ ചോദിച്ചു മനസ്സിലാക്കി അടുത്ത ക്ലാസ്സിൽ പൂർത്തിയാക്കി വരാൻ നിർദ്ദേശിക്കുക. മൂല്യനിർണ്ണയം: സ്വന്തം ഇടവകയെക്കുറിച്ച് അഭിമാനത്തോടെ സംസാരിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക.

**ആക്റ്റിവിറ്റി 2** : ശരിയായത് തിരഞ്ഞെടുക്കാം

**ലക്ഷ്യം** : ദൈവാലയത്തിനുള്ളിലും പരിസരത്തും പാലിക്കേണ്ട അച്ചടക്കവും പെരുമാറ്റരീതികളും തിരിച്ചറിയുന്നു.

**ആവശ്യമായ സാമഗ്രികൾ** : നല്ല പെരുമാറ്റങ്ങളും ചീത്ത പെരുമാറ്റങ്ങളും കാണിക്കുന്ന ചിത്രങ്ങൾ (ആക്റ്റിവിറ്റി ബുക്കിൽ നൽകിയിട്ടുള്ളവ).

**പ്രവർത്തന രീതി** :

ആക്റ്റിവിറ്റി 2-ൽ നൽകിയിരിക്കുന്ന ചിത്രങ്ങൾ കുട്ടികളെ കാണിക്കുക. ഏതൊക്കെ പ്രവൃത്തികളാണ് പള്ളിയിൽ ചെയ്യാൻ പാടില്ലാത്തതെന്ന് (ഉദാ: ബഹളം വയ്ക്കുക, ഓടിക്കളിക്കുക) ചോദിക്കുക.

ഏതൊക്കെയാണ് നല്ല ശീലങ്ങൾ (ഉദാ : കൈകൂപ്പി നിൽക്കുക, നിശബ്ദത പാലിക്കുക) എന്ന് ചോദിക്കുക.

നല്ല ശീലങ്ങളെ സൂചിപ്പിക്കുന്ന ചിത്രങ്ങൾ തിരഞ്ഞെടുക്കാനോ, അവയ്ക്ക് നേരെ ശരി (?) അടയാളം ഇടാനോ നിർദ്ദേശിക്കുക.

**ആക്റ്റിവിറ്റി 3** : ദൈവാലയം പ്രതീകങ്ങളിലൂടെ

**ലക്ഷ്യം** : ദൈവാലയത്തിനുള്ളിലെ വിവിധ ഭാഗങ്ങളും (മദ്ബഹ,

അൾത്താര, ഹൈക്കല തുടങ്ങിയവ) അവയുടെ അർത്ഥവും മന സ്സിലാക്കുന്നു.

**പ്രവർത്തന രീതി** : തന്നിരിക്കുന്ന പട്ടികയിൽ സ്ഥലങ്ങളുടെ പേരും അർത്ഥവും തെറ്റായാണ് ചേർത്തിരിക്കുന്നത് എന്ന് കുട്ടികളെ ബോധ്യപ്പെടുത്തുക. ശരിയായ ജോഡികൾ കണ്ടെത്താൻ അവരെ സഹായിക്കുക.

**ഉത്തര സൂചിക** :

**മദ്ബഹ** : ത്രിത്വൈക ദൈവത്തിന്റെ സിംഹാസനം, കർത്താവിന്റെ കല്ലറ, കർത്താവിന്റെ ബലിപീഠം, കർത്താവിന്റെ വിരുന്നുമേശ.

**സക്രാരി** : വിശുദ്ധ കുർബാന സൂക്ഷിക്കുന്ന പേടകം.

**ബേസ്ഗസാകൾ** : ബലിവസ്തുക്കൾ ഒരുക്കുന്നതിനായി സ്ഥാപിച്ചിരിക്കുന്ന പീഠങ്ങൾ.

**ബേമ്മ** : ഭൗമിക ജറുസലേമിന്റെ പ്രതീകം.

**കെസ്ത്രോമ** : ഗായകസംഘം നിൽക്കുന്ന സ്ഥലം

**ഹൈക്കല** : ഭൂമിയുടെ പ്രതീകം

**ഗെയിം** –

**ലക്ഷ്യം** : തന്നിരിക്കുന്ന ചിത്രത്തിന്റെ ഭാഗങ്ങൾ കണ്ടെത്തി യോജിപ്പിക്കുകയും, അത് ഏത് വസ്തുവാണെന്ന് തിരിച്ചറിഞ്ഞ് പേരും പ്രത്യേകതയും പറയുകയും ചെയ്യുക.

**തയ്യാറെടുപ്പുകൾ** :

ആക്റ്റിവിറ്റി ബുക്കുമായി ബന്ധപ്പെട്ട 4 പ്രധാന ചിത്രങ്ങൾ തിരഞ്ഞെടുക്കുക. (മദ്ബഹ, കാസയും പീലാസയും, സുവിശേഷ ഗ്രന്ഥം, സക്രാരി, *etc*)

ഓരോ ചിത്രവും 5 *അല്ലെങ്കിൽ* 6 കഷണങ്ങളായി മുറിക്കുക. ഈ കഷണങ്ങൾ മിക്സ് ചെയ്ത് ക്ലാസ്സ് മുറിയുടെ പല ഭാഗങ്ങളിലായി ഒളിപ്പിച്ചു വെക്കുക (*അല്ലെങ്കിൽ* ഒരു ബോക്സിൽ ഇടുക).

**കളിക്കുന്ന രീതി** :

ഓരോ ഗ്രൂപ്പിനും ഓരോ നിറത്തിലുള്ള പേപ്പർ കഷണങ്ങൾ കണ്ടെത്തണം എന്ന് നിർദ്ദേശം നൽകുക (ഉദാഹരണത്തിന്: ഗ്രൂപ്പ് 1-ന് ലഭിക്കേണ്ട ചിത്രത്തിന് പിന്നിൽ ചുവപ്പ് നിറം നൽകാം). ടീച്ചർ 'സ്റ്റാർട്ട്' പറയുമ്പോൾ കുട്ടികൾ തങ്ങളുടെ ചിത്രത്തിന്റെ കഷണങ്ങൾ തിരഞ്ഞു കണ്ടുപിടിക്കണം.

കഷണങ്ങൾ എല്ലാം കിട്ടിക്കഴിഞ്ഞാൽ ഒരു ചാർട്ട് പേപ്പറി

ലോ ഡെസ്കിന് മുകളിലോ അത് കൃത്യമായി യോജിപ്പിച്ചുവെയ്ക്കണം.

ചിത്രം പൂർത്തിയായ ശേഷം ആ ഗ്രൂപ്പ് താഴെ പറയുന്ന 3 കാര്യങ്ങൾ ഉറക്കെ പറയണം :

**ചിത്രത്തിന്റെ പേര്** : (ഉദാ : ഇത് 'സക്രാരി' ആണ്).

**സ്ഥാനം** : (ഉദാ: ഇത് അൾത്താരയുടെ മധ്യഭാഗത്തായി കാണപ്പെടുന്നു).

**ധർമ്മം** : (ഉദാ : ഇതിൽ വിശുദ്ധ കുർബാന സൂക്ഷിക്കുന്നു).

**ആക്റ്റിവിറ്റി 4** : വിശുദ്ധ കുർബാനയിലെ വിശുദ്ധ വസ്തുക്കൾ

**ലക്ഷ്യം** : വിശുദ്ധകുർബാനയിൽ ഉപയോഗിക്കുന്ന തിരുപ്പാത്രങ്ങളും മറ്റ് വസ്തുക്കളും തിരിച്ചറിയുന്നു.

**പ്രവർത്തന രീതി** :

താഴെ പറയുന്ന സൂചനകൾ വായിക്കുക. അത് ഏത് വസ്തുവാണെന്ന് കുട്ടികളോട് ഊഹിക്കാൻ പറയുക.

ശരിയായ ഉത്തരം എഴുതാൻ സഹായിക്കുക.

**ഉത്തര സൂചിക** :

രക്ഷയുടെ അടയാളം, പോർട്ടുഗീസ് പദം 'ക്രൂസ്' - കുരിശ് (സ്ലീവാ)

പിതാവിന്റെ വലതുഭാഗത്തെ മിശിഹായെ സൂചിപ്പിക്കുന്നു, അൾത്താരയുടെ വലതുഭാഗത്ത് - സുവിശേഷഗ്രന്ഥം

തിരുരക്തവും തിരുശരീരവും സംവഹിക്കാൻ ഉപയോഗിക്കുന്ന പാത്രങ്ങൾ - കാസയും പീലാസയും

ഈശോയുടെ ശരീരത്തിന്റെയും രക്തത്തിന്റെയും പ്രതീകങ്ങൾ - അപ്പവും വീഞ്ഞും

മിശിഹായുടെ നിരന്തര സാന്നിദ്ധ്യം, എപ്പോഴും പ്രകാശിക്കുന്നു - കെടാവിളക്ക്

ജനങ്ങൾക്ക് നൽകാനുള്ള തിരുശരീരം സൂക്ഷിക്കുന്നത് - കുസ്തോദി

**ആക്റ്റിവിറ്റി 5** : യാമ പ്രാർത്ഥന

**ലക്ഷ്യം** : ആരാധനാവത്സരത്തിലെ വിവിധ യാമപ്രാർത്ഥനകളുടെ പേരുകൾ പഠിക്കുന്നു.

**പ്രവർത്തന രീതി** :

ദിവസത്തിന്റെ വിവിധ സമയങ്ങളിൽ (യാമങ്ങളിൽ) ചൊല്ലുന്ന

പ്രാർത്ഥനകളെക്കുറിച്ച് പറയുക.

നൽകിയിരിക്കുന്ന പേരുകൾ പരിചയപ്പെടുത്തുക.

**ഉത്തര സൂചിക :**

| | |
|---|---|
| സന്ധ്യ 6.00 pm | - റംശാ |
| രാത്രി 9.00 pm | - സൂബാറാ |
| രാത്രി 12.00 am | - ലെല്യാ |
| പുലർച്ചെ 3.00 am | - കാലാദ് ശഹ്റാ |
| പ്രഭാതം 6.00 am | - സപ്രാ |
| രാവിലെ 9.00 am | - കുത്താആ |
| മധ്യാഹ്നം 12.00 pm | - എന്താനാ |

## <u>മൂന്നാം ദിവസം</u>

## മാമ്മോദീസാത്തൊട്ടി

**ലക്ഷ്യം** : മാമ്മോദീസ എന്ന കൂദാശയെക്കുറിച്ചും, പരിശുദ്ധാത്മാവിന്റെ ദാനങ്ങളെക്കുറിച്ചും കുട്ടികൾക്ക് വ്യക്തമായ അറിവ് നൽകുക.

**ആക്ടിവിറ്റി 1**

എന്റെ മാമ്മോദീസ സർട്ടിഫിക്കറ്റ്

**ലക്ഷ്യം** : കുട്ടികൾ സ്വന്തം മാമ്മോദീസ വിവരങ്ങൾ മനസ്സിലാക്കുകയും സഭയിലെ അംഗത്വത്തെക്കുറിച്ച് അഭിമാനം കൊള്ളുകയും ചെയ്യുക.

**പ്രവർത്തന രീതി** :

ഈ ആക്റ്റിവിറ്റി ചെയ്യുന്നതിന് മുൻപായി, കുട്ടികളോട് മാതാപിതാക്കളുമായി സംസാരിച്ച് മാമ്മോദീസ തീയതി, തലതൊട്ടപ്പൻ / അമ്മ, മാമ്മോദീസ സ്വീകരിച്ച പള്ളി, മാമ്മോദീസ നൽകിയ വൈദികന്റെ പേര് എന്നിവ ചോദിച്ചറിഞ്ഞു വരാൻ നിർദ്ദേശിക്കണം. സർട്ടിഫിക്കറ്റ് പൂരിപ്പിക്കുമ്പോൾ, മാമ്മോദീസയിലൂടെ നമ്മൾ ദൈവമക്കളായിത്തീർന്നു എന്ന് ഓർമ്മിപ്പിക്കുക.

**ആക്ടിവിറ്റി 2**

അടയാളങ്ങളും അർത്ഥങ്ങളും

**ലക്ഷ്യം** : മാമ്മോദീസ വേളയിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ ആത്മീയ അർത്ഥം മനസ്സിലാക്കുക.

**പ്രവർത്തന രീതി**

കുട്ടികളോട് ചിത്രങ്ങൾ ശ്രദ്ധിക്കാൻ പറയുക.

ഓരോന്നിനും നേരെ അവയുടെ പേരും അടയാളവും യോജിപ്പിക്കാൻ സഹായിക്കുക.

**ഉത്തര സൂചിക** (Answer Key) :

**വെള്ളം** : പാപങ്ങളിൽ നിന്നുള്ള കഴുകി വെടിപ്പാക്കൽ, പുതിയ ജീവൻ. തൈലം (മൂറോൻ) : പരിശുദ്ധാത്മാവിന്റെ മുദ്രണം, മിശിഹായോടുള്ള വിശ്വാസപ്രഖ്യാപനം.

**വെള്ളവസ്ത്രം** : മിശിഹായെ ധരിക്കുന്നു, വിശുദ്ധി.

**തിരി** : പ്രകാശമായ മിശിഹാ (ലോകത്തിന് വെളിച്ചമാവുക).

**ആക്ടിവിറ്റി 3**

മാമ്മോദീസായിൽ നമുക്ക് ലഭിച്ച വിശുദ്ധി ജീവിതത്തിലുടനീളം കാത്തുസൂക്ഷിക്കാൻ നമുക്കോരോരുത്തർക്കും എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് എഴുതുക. താഴെ പറയുന്ന പോയിന്റുകൾ ഉത്തരമായി എഴുതാൻ അവരെ സഹായിക്കാം.

പ്രാർത്ഥിക്കും.

കാരുണ്യ പ്രവൃത്തികൾ ചെയ്യും

കുമ്പസാരവും കുർബാനയും ജീവിതത്തിന്റെ ഭാഗമാക്കും

വിശ്വാസത്തിൽ അടിയുറച്ചു വളരും.

**ആക്ടിവിറ്റി 4**

വിശുദ്ധരുടെ ഇൻസ്റ്റാഗ്രാം (Saint's Instagram)

**ലക്ഷ്യം** : ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തിൽ വിശുദ്ധരുടെ ജീവിതം പരിചയപ്പെടുത്തുക.

**പ്രവർത്തന രീതി**

കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കുക. ഓരോ ഗ്രൂപ്പിനും കേരളത്തിലെ ഒരു വിശുദ്ധനെ / വിശുദ്ധയെ തിരഞ്ഞെടുക്കാം (ഉദാ: വി. അൽഫോൻസാമ്മ, വി. ചാവറയച്ചൻ, വി. ഏവുപ്രാസ്യാമ്മ, വാഴ്ത്തപ്പെട്ട റാണി മരിയ).

ഇൻസ്റ്റാഗ്രാം പ്രൊഫൈൽ വരച്ചുണ്ടാക്കാൻ സഹായിക്കുക.

ഉദാഹരണ മാതൃക

Bio : Bharananganam | Franciscan Clarist

'സ്നേഹിക്കുക, സഹിക്കുക' (Love & Suffer).

Followers: St. Therese of Lisieux, St. Kuriakose Chavara., St. Evuprasia

Highlights : സഹനം, പ്രാർത്ഥന,

Post : മരണക്കിടക്കയിലെ ചിത്രം

Caption :

**ആക്റ്റിവിറ്റി 5** : പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും പദപ്രശ്നം (Crossword)

**ലക്ഷ്യം** : പരിശുദ്ധാത്മാവിന്റെ 7 ദാനങ്ങളും 12 ഫലങ്ങളും തിരിച്ചറിയുക.

**പ്രവർത്തന രീതി** :

സൂചനകൾ വായിച്ചു കേൾപ്പിക്കുക.

ഉത്തരങ്ങൾ കണ്ടെത്താൻ സഹായിക്കുക. (ദാനങ്ങൾ: 7 എണ്ണം, ഫലങ്ങൾ : 12 എണ്ണം).

**ഉത്തരസൂചിക**

(Answer Key) :

**വലത്തോട്ട്**

1. ദൈവത്തോടുള്ള ആദരവും ബഹുമാനവും ഭയഭക്തി വണക്കവും - ദൈവഭയം
2. പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്യാൻ നമ്മെ സഹായിക്കുന്ന ആന്തരിക ഊർജ്ജം - ആത്മശക്തി
3. കാര്യങ്ങൾ മനസ്സിലാക്കാനും പഠിക്കാനും തീരുമാനമെടുക്കാനുമുള്ള തലച്ചോറിന്റെ കഴിവ് - ബുദ്ധി
4. സ്വന്തം വികാരങ്ങളെയും ആഗ്രഹങ്ങളെയും നിയന്ത്രിക്കാനുള്ള കഴിവ് - ആത്മസംയമനം
5. സ്വന്തം കാര്യങ്ങൾ ശ്രദ്ധിക്കാതെ മറ്റുള്ളവർക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്വഭാവം - ഔദാര്യം
6. അറിവിനെ ശരിയായ രീതിയിൽ പ്രായോഗികമാക്കാനുള്ള കഴിവ് - ജ്ഞാനം
7. മറ്റുള്ളവർക്ക് നൽകിയ വാക്കു പാലിക്കാനും കൂറ് നിലനിർത്താനും സഹായിക്കുന്ന സ്വഭാവം - വിശ്വസ്തത
8. മനസ്സിന്റെ ആവശ്യങ്ങളെ നിയന്ത്രിക്കാനും കൂടാതെ സംയമനത്തോടെയുമുള്ള പെരുമാറ്റം - അടക്കം
9. ഒരു കാര്യത്തെക്കുറിച്ച് ശ്രദ്ധാപൂർവ്വം ചിന്തിച്ച് തീരുമാനമെടുക്കുന്ന പ്രക്രിയ - ആലോചന
10. മറ്റുള്ളവർക്ക് ഗുണകരമായതും ശരിയുമായ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള കഴിവ് - നന്മ

**താഴോട്ട്**

1. ദൈവത്തോടുള്ള ആരാധനയും അർപ്പണബോധവും - ഭക്തി
2. മനസ്സിലെ ശാന്തതയും കലഹമില്ലാത്ത അവസ്ഥയും - സമാധാനം
3. മറ്റുള്ളവരുടെ ദുരിതത്തിൽ മനസ്സലിഞ്ഞ് സഹായം ചെയ്യുന്ന മനോഭാവം - ദയ
4. തെറ്റുകൾ പൊറുക്കാനും പ്രകോപനങ്ങളെ ശാന്തമായി നേരിടാനുമുള്ള കഴിവ്- ക്ഷമ
5. മൃദവായ പെരുമാറ്റവും ശാന്തമായ സ്വഭാവവും - സൗമ്യത
6. കളങ്കമില്ലാത്തതും പരിശുദ്ധവുമായ മനസ്സും ജീവിതവും- ശുദ്ധത
7. മറ്റുള്ളവരോടുള്ള തീവ്രമായ വാത്സല്യവും അടുപ്പവും - സ്നേഹം
8. വസ്തുക്കളെയും വസ്തുതകളെയും കുറിച്ചുള്ള ധാരണയും വിവരവും - അറിവ്
9. മനസ്സിൽ സന്തോഷവും സംതൃപ്തിയും നിറയുന്ന അവസ്ഥ - ആനന്ദം

ഈ ഗൈഡ് ഉപയോഗിച്ച് കുട്ടികൾക്ക് മാമ്മോദീസയെക്കുറിച്ചും പരിശുദ്ധാത്മാവിനെക്കുറിച്ചും വ്യക്തമായ ധാരണ നൽകാൻ സാധിക്കും.

## <u>നാലാം ദിവസം</u>

## പള്ളിക്കൂടം പ്രതീക്ഷയുടെ ഇടം

കുടുംബം - വിദ്യാലയം

മാതാപിതാക്കൾ - അധ്യാപകർ ഇവ തമ്മിലുള്ള ബന്ധം.

പള്ളിക്കൂടം എന്ന വാക്കിന്റെ ഉത്ഭവം.

ആദ്യകാലങ്ങളിൽ പള്ളിയോട് ചേർന്നായിരുന്നു സ്കൂളുകൾ ഉണ്ടായത് എന്ന ബോധ്യത്തിലേക്ക് കുട്ടികളെ കൊണ്ടുവരണം.

**ആക്ടിവിറ്റി 1**

എഴുത്തിനിരുത്തുന്നതിനെക്കുറിച്ച് ചർച്ച നടത്തണം.

വിജയദശമി, പന്തക്കുസ്താ ഞായർ ഇവയുടെ വ്യത്യാസങ്ങൾ ചർച്ച ചെയ്യണം.

പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ, ഫലങ്ങൾ എന്നിവ ഓർമ്മപ്പെടുത്തണം. ക്ലാസിൽ പറയിക്കണം. കഴിയുമെങ്കിൽ അഡീഷ

ണൽ പേപ്പറിലോ ബുക്കിലോ എഴുതിക്കണം .

നമ്മൾ ആദ്യാക്ഷരം കുറിക്കുമ്പോൾ എഴുതുന്നത് 'ഈശോ' എന്നാണ്. സ്വയംപ്രേരിത പ്രാർത്ഥന കുട്ടികൾ എഴുതട്ടെ.

**ആക്ടിവിറ്റി 2**

കേരളത്തിന്റെ നവോത്ഥാന നായകനായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെ കുട്ടികൾക്ക് പരിചയപ്പെടുത്തണം. (കേരളസഭയുടെ ആദ്യത്തെ വിശുദ്ധൻ, ചങ്ങനാശ്ശേരി അതിരൂപതയുടെ സന്താനം, പള്ളിക്കൊപ്പം പള്ളിക്കൂടം എന്ന കൽപ്പന, മലയാളത്തിലെ ആദ്യത്തെ ഖണ്ഡകാവ്യമായ അനസ്താസ്യായുടെ രക്തസാക്ഷിത്വം, നാളാഗമം, ഇടയ ലേഖനങ്ങൾ, നല്ല അപ്പന്റെ ചാവരുൾ തുടങ്ങിയ കൃതികൾ, ജാതി ചിന്തകൾക്കതീതമായ വിദ്യാഭ്യാസം)

ജനനവർഷം - 1805 ഫെബ്രുവരി 10
ജനനസ്ഥലം - കൈനകരി
തിരുനാൾ - ജനുവരി 3
കബറിടം - മാന്നാനം
സവിശേഷത - കേരളസഭയിലെ ആദ്യ വിശുദ്ധൻ.

**പദസൂര്യൻ**

സംസ്കൃത വിദ്യാലയം, മലയാളം പള്ളിക്കൂടം, യൗസേപ്പ് പിതാവിന്റെ അച്ചുകൂടം, സി. എം. ഐ. സി. എം. സി. സന്യാസ സഭകൾ, നല്ല അപ്പന്റെ ചാവരുൾ, പിടിയരി സമ്പ്രദായം, വൃദ്ധസദനം.

**ആക്ടിവിറ്റി 3**

എന്തുകൊണ്ട് ന്യൂനപക്ഷം എന്നറിയപ്പെടുന്നു?

2011-ലെ സെൻസസ് പ്രകാരം കേരളത്തിൽ ക്രിസ്ത്യാനികൾ 18.38% 2023-ലെ Annual Vital Statistics പ്രകാരം 16.9%.

കേരളത്തിൽ ക്രിസ്ത്യാനികൾ Minority യിൽ നിന്ന് micro minority യിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 29 & 30 പരിചയപ്പെടുത്തുന്നത് നന്നായിരിക്കും. (ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 29, 30 പ്രകാരം ന്യൂനപക്ഷ സമൂഹങ്ങൾക്ക് പ്രത്യേക വിദ്യാഭ്യാസ അവകാശങ്ങൾ അംഗീകരിച്ചു തന്നിരിക്കുന്നതും തങ്ങളുടേതായ വിദ്യാഭ്യാസ

സ്ഥാപനങ്ങൾ സ്ഥാപിച്ചു നടത്താൻ അനുവാദം നൽകിയിരിക്കുന്നതും അവയുടെ തനതായ സംസ്കാരം, പാരമ്പര്യം, ഭാഷ, ലിപികൾ തുടങ്ങിയവ സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ആണ്. ഇവ Educational and Cultural Rights എന്ന തലക്കെട്ടോടു കൂടിയാണ് ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്)

**ആക്ടിവിറ്റി 4**

1. വിദ്യാഭ്യാസ പ്രക്ഷോഭം / 1945/ മാർ ജെയിംസ് കാളാശ്ശേരി
2. വിമോചന സമരം / 1959/ വിദ്യാഭ്യാസ ബിൽ
3. കോളേജ് സമരം /1972 / ന്യൂനപക്ഷ അവകാശ സംരക്ഷണം
4. സ്വാശ്രയ സമരം / 2006 / മാർ ജോസഫ് പൗവത്തിൽ, ഇൻറർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ
5. സർ സി. പി. രാമസ്വാമി അയ്യർ /1945/ വിദ്യാലയങ്ങൾ സർക്കാരിലേക്ക് ഏറ്റെടുക്കാനുള്ള തീരുമാനം.

(സീറോമലബാർ സമുദായ ശക്തീകരണ വർഷം 2026 കൈപ്പുസ്തകം പേജ് 68, 69, 70 എന്നിവ പരിശോധിക്കുക.)

**ആക്ടിവിറ്റി 5**

നിയമങ്ങൾ, പെരുമാറ്റ മര്യാദകൾ, മൂല്യങ്ങൾ എന്നിവയെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക .

സത്യം, നീതി, അനുസരണം, ബഹുമാനം, വിശ്വസ്തത, സമാധാനം തുടങ്ങിയവ വചനത്തിലും നമുക്ക് കണ്ടെത്താം.

**കൂടുതൽ വചനങ്ങൾ**

മത്തായി 6:14, ലൂക്കാ 6:36, യോഹന്നാൻ 13: 35, ലൂക്കാ 6: 31, എഫേസോസ് 6:1, 6:14, റോമാ 12: 10 ,12: 18, സുഭാഷിതങ്ങൾ 12: 19.

**ആക്ടിവിറ്റി 6**

കുട്ടികൾക്ക് സ്വന്തം നാടും കുടുംബവും ഏറ്റവും പ്രിയപ്പെട്ടതായി മാറണം. എവിടെപ്പോയാലും തിരികെ നാട്ടിലെത്തും എന്ന ഉറപ്പ് അവരിൽ വളർത്തണം.

(കൂടുതൽ അറിവിനായി ഭൂമിയുടെ ഉപ്പും ലോകത്തിൻെറ പ്രകാശവും എന്ന മിഷൻ ലീഗിൻെറ ഉപപാഠപുസ്തകവും സീറോ മലബാർ സമുദായ ശക്തീകരണ വർഷം - 2026 കൈപ്പുസ്തകവും വായിക്കുക.

## അഞ്ചാം ദിവസം

## കുമ്പസാരക്കൂട്

**ആക്ടിവിറ്റി 1**

പത്രോസ്ശ്ലീഹായുടെ അനുതാപവും യൂദാശ്ലീഹായുടെ കുറ്റ ബോധവുമാണ് ഇവിടെ പരാമർശിക്കുന്നത്. ഇതിലെ വ്യത്യസ്തത മനസ്സിലാക്കുക എന്നതാണ് ഈ ആക്ടിവിറ്റിയുടെ ഉദ്ദേശം.

**പത്രോസിന്റെ അനുതാപം**

1. കുറ്റം മനസ്സിലാക്കാൻ ശ്രമിച്ചു.
2. മനം നൊന്തു കരഞ്ഞു.
3. കുറ്റത്തിന്റെ ഗൗരവം (തന്റെ ഗുരുവിനെ തള്ളി പറഞ്ഞു) മനസ്സിലാക്കി.
4. അനുതപിച്ച് തിരികെ വരാൻ ശ്രമിച്ചു.

**യൂദാസിന്റെ കുറ്റബോധം**

1. അനുതാപം ഉണ്ടായില്ല.
2. കുറ്റത്തിന്റെ ഗൗരവം മനസ്സിലാക്കിയില്ല.
3. അനുതപിച്ച് തിരികെ വരാൻ ശ്രമിച്ചില്ല.
4. കുറ്റബോധം മരണത്തിലേക്ക് നയിച്ചു.

**ആക്ടിവിറ്റി 2**

ഈ രണ്ട് വചനഭാഗങ്ങളിലുമുള്ള രണ്ടു ഉപമകളുടെയും വ്യത്യസ്തത മനസ്സിലാക്കുക എന്നതാണ് ഈ ആക്ടിവിറ്റിയുടെ ഉദ്ദേശം.

1. ''അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപത് നീതിമാൻമാരെക്കുറിച്ച് എന്നതിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും എന്ന് ഞാൻ നിങ്ങളോടു പറയുന്നു''. ലൂക്കാ 15 : 7
2. ''അതുപോലെതന്നെ, അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് ദൈവത്തിന്റെ ദൂതൻമാരുടെ മുമ്പിൽ സന്തോഷമുണ്ടാകും എന്ന് ഞാൻ നിങ്ങളോടു പറയുന്നു''. ലൂക്കാ 15 : 10

**ആക്ടിവിറ്റി 3**

**നല്ല കുമ്പസാരത്തിനു വേണ്ട അഞ്ച് കാര്യങ്ങൾ**

1. പാപങ്ങളെല്ലാം ക്രമമായി ഓർക്കുന്നത്.
2. പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുന്നത്.
3. മേലിൽ പാപം ചെയ്കയില്ലെന്ന് പ്രതിജ്ഞ ചെയ്യുന്നത്.
4. ചെയ്തുപോയ മാരകപാപങ്ങളെങ്കിലും വൈദികനെ അറി

യിക്കുന്നത്.

5. വൈദികൻ കൽപിക്കുന്ന പ്രായശ്ചിത്തം നിറവേറ്റുന്നത്.

**ആക്ടിവിറ്റി 4 & 5**

General

## ആറാം ദിവസം

## തിരുനാൾ

ഇടവകയിലെ തിരുനാളുമായി ബന്ധപ്പെട്ട നമ്മൾ ചെയ്യുന്ന കാര്യങ്ങളും അതിന്റെ പ്രാധാന്യവും ഈ പാഠത്തിൽ പ്രത്യേകമായി ചർച്ച ചെയ്യുന്നു. കൊടിമരത്തിന്റെ സവിശേഷതകളും മറ്റു തിരുനാളുകൾ ആഘോഷിക്കേണ്ടതിന്റെ ആവശ്യകതയും ഓരോ തിരുനാളുകളിലും മാറി മാറി ചൊല്ലുന്ന പ്രാർത്ഥനകളെയും ശുശ്രൂഷകളെയുമാണ് ഈ അധ്യായത്തിൽ പരാമർശിക്കുന്നത്.

**ആക്ടിവിറ്റി 1**

**ഗെയിം 1** (റോൾപ്ലേ)

ഒരു പത്ര പേപ്പറിന്റെ ഒരു ഷീറ്റ് ഓരോ ഗ്രൂപ്പുകളിലേക്കും കൊടുക്കുന്നു. എല്ലാ ഗ്രൂപ്പുകൾക്കും നിശ്ചിത സമയം കൊടുത്തുകൊണ്ട് ക്ലാസ് റൂമിൽ തിരുനാൾ കൊടിയേറ്റ് അന്തരീക്ഷം സൃഷ്ടിക്കാൻ ആവശ്യപ്പെടുന്നു. അവർക്ക് നൽകിയിട്ടുള്ള പേപ്പർ ഷീറ്റു മാത്രമേ അധികമായി ഉപയോഗിക്കാൻ പാടുള്ളൂ.

**ആക്ടിവിറ്റി 2**

കൊടിമരം സൂചിപ്പിക്കുന്ന കാര്യങ്ങൾ കൃത്യമായി ബലൂണുകളിൽ എഴുതി എല്ലാ ഗ്രൂപ്പുകൾക്കും ഉത്തരം ഉൾക്കൊള്ളുന്ന അഞ്ച് ബലൂണുകൾ വീതം നൽകുന്നു. ഏറ്റവും ആദ്യം ബലൂണുകൾ വീർപ്പിച്ച് കൈ ഉപയോഗിക്കാതെ അത് പൊട്ടിക്കുന്ന ടീം വിജയിക്കുന്നു.

**ആക്ടിവിറ്റി 5**

ഈശോയുടെ ജ്ഞാനസ്നാനത്തെയും പരസ്യജീവിതത്തിന്റെ തുടക്കത്തെയും ഓർമ്മിപ്പിക്കുന്ന തിരുനാളാണ് ദനഹാ തിരുനാൾ.

ദനഹാ എന്ന വാക്കിന്റെ അർത്ഥം പ്രത്യക്ഷീകരണം എന്നാണ് ഈശോ യോർദ്ദാൻ നദിയിൽ വെച്ച് ജ്ഞാനസ്നാനം സ്വീകരിക്കുമ്പോൾ പിതാവും പുത്രനും പരിശുദ്ധാത്മാവും (ത്രിത്വം) വെളിപ്പെട്ട ദിവസമായാണ് ഇത് കണക്കാക്കുന്നത്.

**രാക്കുളി** : ജ്ഞാനസ്നാനത്തെ അനുസ്മരിച്ച് ജലാശയത്തിൽ മുങ്ങിക്കുളിക്കുന്ന ആചാരം

**പിണ്ടികുത്തിപെരുന്നാൾ** : വാഴപ്പിണ്ടിയിൽ ദീപങ്ങൾ തെളിയിച്ച് വീടുകൾക്ക് ചുറ്റും വയ്ക്കുന്ന രീതിയുണ്ട്

**ഏഴാം ദിവസം**

**പള്ളിയോഗം**

ഈ പാഠഭാഗം പ്രധാനമായും ലക്ഷ്യമിടുന്നത് മാർത്തോമ നസ്രാണികളുടെ ഇടവക ഭരണ സംവിധാനമായ പള്ളിയോഗത്തെക്കുറിച്ചുള്ള അറിവ് കുട്ടികൾക്ക് പകർന്ന് നല്കുവാനാണ്.

**ആക്ടിവിറ്റി 1**

പൗളിനോസ് പാതിരിയുടെ വിവരണത്തിലൂടെ പള്ളിയോഗത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കുക. യോഗത്തിൽ തീരുമാനങ്ങൾ എടുക്കുന്ന രീതിയും, അച്ചടക്കം ലംഘിക്കുന്നവർക്കെതിരെയുള്ള നടപടികളും ചർച്ച ചെയ്യുക. പാഠഭാഗത്തെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം കണ്ടെത്താൻ കുട്ടികളെ സഹായിക്കുക.

**ആക്ടിവിറ്റി 2**

അക്ഷരങ്ങൾ കോർത്തിണക്കി പൊതുയോഗം, പ്രതിനിധിയോഗം എന്നീ പദങ്ങൾ കണ്ടെത്തുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. ഇവ തമ്മിലുള്ള വ്യത്യാസം ലളിതമായി പറഞ്ഞു കൊടുക്കുക.

(പൊതുയോഗം - എല്ലാ അംഗങ്ങളും ചേരുന്നത്, പ്രതിനിധിയോഗം - തിരഞ്ഞെടുക്കപ്പെട്ടവർ ചേരുന്നത്)

**ആക്ടിവിറ്റി 3**

**ഇടവകപ്പള്ളിയോഗത്തിലെ അംഗങ്ങളെ പരിചയപ്പെടുത്തുക**

1. വികാരി
2. കൈക്കാരൻ
3. സന്യസ്ത ഭവന സുപ്പീരിയർ
4. പ്രതിനിധിയോഗ അംഗങ്ങൾ
5. കുടുംബതലവന്മാർ

**ആക്ടിവിറ്റി 4**

പൊതുയോഗത്തിൽ ഉപയോഗിക്കുന്ന വാക്കുകൾ തന്നിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് ചേരുംപടി ചേർക്കുന്നു.

1. ആണ്ടു വട്ടത്തിലെ വരവ് ചെലവ് കണക്കിന്റെ സംക്ഷിപ്ത

രൂപം - വാർഷിക തിരട്ട്

2. ഇടവകയുടെ വസ്തുവകകൾ സൂക്ഷിക്കുക ഇടവകയുടെ പരിപാടികൾ നിർവഹിക്കുന്നതിലും സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലും ഇടവക വികാരിയോട് സഹകരിക്കുക - കൈക്കാരൻ

3. ഇടവകയുടെ നിർദിഷ്ട പദ്ധതികൾക്ക് വരും സാമ്പത്തിക വർഷത്തിലേക്ക് കണക്കാക്കപ്പെട്ടിട്ടുള്ള വരവ് ചെലവുകൾ കാണിക്കുന്ന ഔദ്യോഗിക പ്രസ്താവം - ബജറ്റ്

4. ഇടവകാംഗങ്ങളെ സംബന്ധിച്ചിട്ടുള്ള വിവരങ്ങൾ എഴുതി സൂക്ഷിക്കുന്ന രജിസ്റ്റർ - ആത്മസ്ഥിതി

5. പതിവായി ഇടവകയുടെ വരവ് ചെലവ് കണക്കുകൾ എഴുതി സൂക്ഷിക്കുന്നു - കണക്കൻ

**ആക്ടിവിറ്റി 5**

ഇടവക പൊതുയോഗങ്ങളിൽ പങ്കെടുക്കുവാൻ അർഹതയില്ലാത്തവർ

1. സഭയുടെ വിശ്വാസത്തെയും പ്രബോധനങ്ങളെയും എതിർക്കുന്നവർ X

2. പരസ്യ പാപികൾ X

3. വാർഷിക പെസഹ ചുമതലകളിൽ വീഴ്ച വരുത്തുന്നവർ X

4. സ്ഥിരബുദ്ധി ഇല്ലാത്തവർ X

5. മദ്യപാനികളും ലഹരി വസ്തുക്കൾക്ക് അടിമകൾ ആയവരും X

സഭയുടെ നിയമങ്ങൾ പാലിക്കുന്നവർക്ക് മാത്രമേ ഇടവകയുടെ തീരുമാനങ്ങളിൽ പങ്കുചേരുവാൻ അവകാശമുള്ളൂ. അതിനാൽ മുകളിൽ കൊടുത്തിരിക്കുന്ന 5 വിഭാഗങ്ങളും അയോഗ്യരായി കണക്കാക്കപ്പെടുന്നവരാണ്.

**ആക്ടിവിറ്റി 6**

**റോൾപ്ലേ, ജനറൽ**

കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ഒരു മാതൃകാ പൊതുയോഗം ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുക. ജനാധിപത്യപരമായ ചർച്ചകളിലൂടെയും കൂട്ടായ തീരുമാനങ്ങളിലൂടെയുമാണ് ഇടവക വളരുന്നത് എന്ന് പഠിപ്പിക്കുക.

**ചർച്ച ചെയ്യേണ്ട വിഷയങ്ങൾ**

1. പള്ളിപ്പെരുന്നാൾ നടത്താനുള്ള കാര്യങ്ങൾ - തിരുനാൾ

നടത്തിപ്പിനായി വിവിധ വാർഡുകളിൽ നിന്നുള്ള പ്രതിനിധികൾ, മിഷൻലീഗ്, യുവദീപ്തി അംഗങ്ങളെ ഉൾപ്പെടുത്തി സബ് കമ്മിറ്റികൾ രൂപീകരിക്കുക

2. പാവപ്പെട്ടവർക്കുള്ള സാമ്പത്തിക സഹായം - ചാരിറ്റി ഫണ്ട് രൂപീകരണം, കളർ എ ഹോം, കളർ എ ഡ്രീം, *etc*...

**ആക്ടിവിറ്റി 7**

പോസറ്റർ നിർമ്മാണം, ജനറൽ

വിഷയം - ഞങ്ങളുടെ ഇടവക, ഞങ്ങളുടെ സ്വന്തം

**ആക്ടിവിറ്റി 8**

നമ്മുടെ പള്ളിയും പരിസരവും ചുറ്റി കാണാനുള്ള ഒരു ലഘുയാത്രയായി ഇതിനെ മാറ്റാം. പള്ളിയിലെ പ്രധാനഭാഗങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കാം. ഒപ്പം ദൈവാലയത്തിന്റെ പരിശുദ്ധി കാത്തു സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത കുട്ടികൾക്ക് പറഞ്ഞു കൊടുക്കാം.

**കാണേണ്ട സ്ഥലങ്ങൾ** : പള്ളി, സങ്കീർത്തി, പള്ളി ഓഫീസ്, അച്ചന്റെ മുറി, സ്റ്റോർ റും, പാരിഷ് ഹാൾ, സെമിത്തേരി, സംഘടനയുടെ ഓഫീസുകൾ, സൺഡേസ്കൂൾ ഓഫീസ്, മീഡിയാ റൂം, പള്ളിയിലെ ഇതര സൗകര്യങ്ങൾ

## എട്ടാം ദിവസം

## കബറിടം ആശയ്ക്ക് ഉറവിടം

മരണത്തെക്കുറിച്ചും, മരണത്തിനുശേഷമുള്ള ജീവിതത്തെക്കുറിച്ചും, മരിച്ചവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും, നമ്മുടെ മരണത്തെക്കുറിച്ച് ഉള്ള ഓർമ്മപ്പെടുത്തലും ആണ് ഈ പാഠഭാഗം കൊണ്ട് ഉദ്ദേശിക്കുന്നത്.

**ആക്ടിവിറ്റി 1**

മൃതസംസ്കാര ശുശ്രൂഷയുമായി ബന്ധപ്പെട്ട ചില പൊതുസംശയങ്ങൾക്കുള്ള ഉത്തരമാണ് ഈ ആക്ടിവിറ്റി.

Ans.

1. പൗരോഹിത്യത്തെ സൂചിപ്പിക്കുന്നു.
2. നേരിൽകണ്ട് കർത്താവിനെ ആരാധിക്കുന്നു.
3. ഈ ലോകത്തിലെ കാഴ്ചകൾ അവസാനിച്ചു.
4. കർത്താവിന്റെ രണ്ടാമത്തെ ആഗമനം പ്രതീക്ഷിച്ച്.

**ആക്ടിവിറ്റി 2**

ആദിമാതാപിതാക്കൾ ദൈവം ഭക്ഷിക്കരുതെന്ന് കൽപ്പിച്ച പഴം ഭക്ഷിക്കുകയും അതിൽ നിന്ന് പാപവും മരണവും മനുഷ്യ വർഗ്ഗത്തിൽ കടന്നു വരികയും ചെയ്തു. ഇത് ഈശോയാകുന്ന അപ്പത്തിലൂടെ, അതായത് ഈശോയുടെ കുരിശിലെ ബലിയി ലൂടെ മോചിക്കപ്പെട്ടു എന്ന ആശയം കുട്ടികൾക്ക് നൽകുക.

Ans.

ആദിമാതാപിതാക്കളിൽ പാപം പഴത്തിൽ നിന്നു വന്നു. അത് ഈശോയാകുന്ന അപ്പത്തിലൂടെ മോചിക്കപ്പെട്ടു.

**ആക്ടിവിറ്റി 3**

രോഗിലേപന കൂദാശയെക്കുറിച്ച് കുട്ടികൾക്ക് പറഞ്ഞു കൊ ടുക്കുന്നതിനോടൊപ്പം ക്രൈസ്തവ യൂറോപ്യൻ രാജ്യങ്ങളിൽ കടൽ കടന്ന്, അതായത് വിമാനമോ, കപ്പലോ കയറി മറ്റ് രാജ്യ ങ്ങളിലേക്ക് പോകുന്നതിനു മുമ്പ് രോഗിലേപനം സ്വീകരിച്ചിട്ടാണ് അവർ യാത്ര ആരംഭിക്കുന്നത് എന്ന അവരുടെ വിശ്വാസം കൂടി കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കുക.

Ans.

നല്ലമരണം ലഭിക്കുവാൻ രോഗികൾക്ക് നൽകുന്നതും ആത്മാ വിന് ശാന്തികരമാകയാൽ ശരീരത്തിന് സുഖമരുളുന്നതുമായ കൂദാശ ആകുന്നു.

**ആക്ടിവിറ്റി 4**

മരിച്ചവർക്ക് വേണ്ടി ജീവിച്ചിരിക്കുന്നവരായ നമുക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കും ? എന്ന് ക്ലാസിൽ ചർച്ച ചെയ്ത് കുട്ടികളെ ക്കൊണ്ട് ഉത്തരങ്ങൾ പറയിച്ചതിനുശേഷം അധ്യാപകൻ ഉത്തര ങ്ങൾ നൽകുവാൻ ശ്രദ്ധിക്കുക

Ans.

1. അവർക്കുവേണ്ടി വിശുദ്ധകുർബാന അർപ്പിക്കാം
2. അവർക്കുവേണ്ടി പ്രാർത്ഥിക്കാം.
3. അവരുടെ പാപങ്ങൾക്ക് പരിഹാരം ചെയ്യാം.
4. ദാനദർമ്മം, കാരുണ്യപ്രവൃത്തികൾ .....

**ആക്ടിവിറ്റി 5**

മരണശേഷം നീതിയുടെ സിംഹാസനത്തിലിരുന്നാണ് കർത്താവ് നമ്മുടെ ജീവിതത്തിനനുസൃതമായി വിധിക്കുക. എന്നാൽ ജീവി

ച്ചിരിക്കുന്നവരുടെ പ്രാർത്ഥനകൾക്ക് അനുസൃതമായി കർത്താവ് കരുണാപൂർവ്വം മരിച്ചവരെ വിധിച്ചാൽ അവർക്ക് സ്വർഗ്ഗത്തിലേക്ക് പോകാൻ സാധിക്കുന്നതാണ്. അതോടൊപ്പം നീതിക്ക് അപ്പുറ മാണ് കർത്താവിന്റെ കരുണ എന്ന ആശയവും കുട്ടികൾക്ക് പറ ഞ്ഞു കൊടുക്കുക.

Ans. കരുണയുടെ സിംഹാസനം



## ജൂണിയർ വിഭാഗം

സന്ദേശനിലയം
ചങ്ങനാശ്ശേരി